# പള്ളികഥകൾ

## മിനികഥകൾ എന്റ്ത്തിഗന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ ഇന്ന് ഒരച്ചന്റെ കഥന കഥയാണ് പറയാൻ പോകുന്നത്. ഓത്ത്ഡോക്സ് സഭയിലെ പല അച്ചന്മാക്കും അവരുടെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള കാര്യമാണ്.

# ഗുരുത്വദോഷം

ഹൃദയം പൊട്ടി പോകുന്ന വേദനയോടെ അരമനയുടെ പൂട്ടിയ മുറിയുടെ ഏകാന്തതയിൽ ആ അച്ചൻ പൊട്ടി പൊട്ടി കരയുകയാണ്. മുകളിൽ ഇരിക്കുന്ന ദൈവം അല്ലാതെ വേറെ ആരും അത് കാണാനോ കേൾക്കാനോ ഇല്ല. ഒരിക്കലും പ്രതീക്ഷിക്കാത്തത് ജീവിതത്തിൽ സംഭവിച്ചാൽ പിന്നെ എന്തു ചെയ്യാനാണ്? ആരോട് പറയാനാണ്?

ഇന്ത്യക്കു വെളിയിലാണ് ജനനം. മലയാളം എഴുതാനും വായിക്കാനും അറിയത്തില്ല. അപ്പനാണെങ്കിൽ നല്ല ഒരു തൊഴിൽ വശമുണ്ട്. അമ്മ വീട്ടു ജോലികളാണ് ചെയ്തിരുന്നതെങ്കിലും എവിടേയുംജോലി ചെയ്യാൻതക്കവിദ്യാഭ്യാസമുണ്ട്. ഒരേ ഒരു പെങ്ങളുമുണ്ട്. മകന് കുഞ്ഞുമോനെന്നും മകൾക്ക് കുഞ്ഞുമോളെന്നും പേരാണ്. അവർ രണ്ടുപേരും സമത്ഥരായ വിദ്യാത്ഥികളാണ്. കുഞ്ഞുമോന് നല്ല ഒരു പിയാനോയുമുണ്ട് കൂടാതെ നല്ലവണ്ണം അത് ഉപയോഗിക്കമെന്നതിലുപരി സ്കുതിമധുരമായി പാടാനും കഴിവുണ്ട്. വെളുത്ത് മെല്ലിച്ച കുഞ്ഞുമോൻ സുന്ദരനാണ്.

അപ്പന്റെ സ്വന്തം സഹോദരി ഒരാൾ അമേരിക്കയിൽ നേഴ്സായിട്ട് ജോലി ചെയ്യുന്ന ജോളി പേപ്പറുകൾ എല്ലാം തയാറാക്കി ആ കൊച്ചു കുടുംബം അമേരിക്കയിലേക്ക് കുടിയേറി. അപ്പന് നല്ല ജോലിയും കൈ നിറയെ പണവും കിട്ടുന്നുണ്ടെങ്കിലും അമേരിക്കയിലെ ആഭാടമായ ജീവിതത്തിന് അത് പോരാതെ വന്നു. കൂടാതെ വളരെ ദുരഭിമാനവും അവക്കുണ്ടായിരുന്നു. അങ്ങിനെ അപ്പനെ പോലെ തന്നെ അമ്മയും ജോലിക്കു പോകാൻ നിബന്ധിതയായി. ധാരാളം പണം വരുമാനം ഉണ്ടെങ്കിലും അതിലും കൂടുതലായി ചെലവുകളും ഉണ്ടായി. വലിയ പുത്തനൊരു വീട് പണിയിപ്പിച്ചു. ഏറ്റവും വില കൂടിയ കാറുകൾ ഭാര്യക്കും ഭത്താവിനും വാങ്ങി. ചെലുകളുടെ കാഠിന്യത്താൽ പള്ളിക്ക് പണം കൊടുക്കാൻ നേരം പിശുക്കാൻ തുടങ്ങി. മറ്റൊന്നിനും പറ്റത്തില്ലല്ലോ. ദൈവത്തിന് ഇത്രയും പണത്തിന്റെ ആവശ്യമില്ലന്നാണ് അപ്പന്റെ ചിന്ത. ആ കുടുംബം പഴയ രാജ്യത്തിലായിരുന്നപ്പോൾ പള്ളിക്ക് ധാരാളമായി കൊടുത്തിരുന്നതാണ്. അന്ന് അത് സാധിക്കും. പക്ഷേ, ഇന്ന് അമിതമായുള്ള ചിലവ് കാരണം ഒന്നിനും പണം തികയത്തില്ല. ആൾക്കാരുടെ മുൻപിൽ വലിയ ആൾക്കാരാണെന്നുള്ള തെണ്ടിപൊണ്ണക്കാര്യം കാരണം താങ്ങാൻ വയ്യാത്ത ചിലവാണ്.

ഒരിക്കലും പ്രതീക്ഷിക്കാത്തതു പോലെ കുഞ്ഞുമോൻ അച്ചനാകാൻ തീരുമാനിച്ചു. ബാച്ചിലേഴ്സ് കഴിഞ്ഞ സമയത്താണ് ഈ ചിന്ത വന്ന് മിഥിച്ചത്. വീട്ടിൽ അപ്പനും അമ്മയ്ക്കും കുഞ്ഞുപെങ്ങൾക്കും വിരോധമില്ല. കുടുംബത്തിൽ ഒരച്ചനുള്ളത് സ്വന്തക്കാരുടെ ഇടയിൽ മാന്യതയ്ക്ക് വളരെ നല്ലതാണല്ലോ.

കുഞ്ഞുമോൻ അപ്പനോട് പള്ളീലെ അച്ചന്റെ അടുക്കൽ നിന്നും ഒരു കത്തു വാങ്ങി വരാനായി ചുമതലപ്പെടുത്തി. ആ പള്ളിയിൽ പുതുതായി വന്ന അച്ചന് കുഞ്ഞുമോനെ പരിചയമില്ലന്ന മാത്രമല്ല നേരിട്ട് ശരിക്ക് കണ്ടിട്ടു പോലുമില്ല. ''കുഞ്ഞുമോനല്ലേ ആവശ്യം; അപ്പോൾ കുഞ്ഞുമോനോട് എന്നെ വന്ന് കാണാൻ പറ'' അച്ചൻ ശരിക്കും ന്യായമായ ഒരു കാര്യമാണ് പറഞ്ഞത്. ഒരിക്കലും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ഒരാൾക്ക് ഒരു ശുപാശ് കത്തെങ്ങിനെ കൊടുക്കാനാണ്. പക്ഷേ, ആ വിഷയം ആ കുടുംബത്തിൽ ചച്ചയായപ്പോൾ അത് ഒരു വലിയ വിഷയമായി.

അവിടെ തന്നെ വേറെ ഓത്ത്ഡോക്സ് പള്ളിയുള്ളടത്ത് അവർ കുടുംബ സമേതം അടുത്ത ഞായറാഴ്ച ആരാധനയ്ക്കു പോയ ശേഷം അവിടുത്തെ അച്ചനോട് കാര്യം പറഞ്ഞപ്പോൾ യാതൊരു വിമുഖതയും കൂടാതെ ഉടനെ തന്നെ കത്തു കൊടുത്തു. അതോടു കൂടെ ആ കുടുംബം ഒന്നടങ്കം ആ പള്ളിയിലെ അംഗത്തം സ്വീകരിച്ചു. മറ്റെ പള്ളിയിൽ കൊടുക്കേണ്ടതിന്റെ ഇരട്ടിയാണ് ഈ പള്ളിയിലേക്ക് കൊടുക്കേണ്ടത്. അതിനൊന്നും യാതൊരു കുഴപ്പവുമില്ല. ഈ കുടുംബം മുഴുവനുമായി ആ പള്ളിയിലെക്ക് പോയ വിവരം അച്ചനൾപ്പെടെ എല്ലാവരും അറിഞ്ഞു. ''പള്ളിക്ക് നേരേ ചെവ്വേ കാശ് കൊടുക്കാത്തവർ എവിടെ വേണേൽ പോകട്ടെ'' എന്നായിരുന്നു എല്ലാവരുടേയും നിലപാട്.

കുഞ്ഞുമോൻ അമേരിക്കയിലുള്ള സിമിനാരിയിലാണ് പഠിച്ചത്. ഇന്ത്യക്ക് വെളിയിൽ ജനിച്ചു വളന്ന് പഠിച്ചു വന്ന ഒരാൾക്ക് യാതൊരു പ്രയാസവും കൂടാതെ അവിടുത്തെ പഠനം പൂത്തിയാക്കാൻ കഴിഞ്ഞു. തുടന്നുള്ള പഠനത്തിന് കേരളത്തിൽ പോയപ്പോഴാണ് സഭയെക്കുറിച്ചും സഭയുടെ കാര്യങ്ങളെക്കുറിച്ചും കൂടുതൽ മനസ്സിലാക്കാൻ സാധിച്ചത്. അപ്പോൾ പട്ടം കിട്ടി ഒരച്ചനായാൽ ഒരു ജീവിതകാലം മുഴുവനും ഒരു മെത്രാച്ചന്റെ കീഴിൽ, അദ്ദേഹം പറയുന്നതും കേട്ട് ജീവിക്കേണ്ടി വരും. കൂടാതെ മലയാളം എഴുതാനും വായിക്കാനും അറിയാൻ വയ്യാത്തപ്പോൾ ഇപ്പോൾ ചെയ്യുന്നതുപോലെ മംഗ്ലീഷിൽ എഴുതി ആരാധനകളെല്ലാം നടത്തേണ്ടി വരും. അങ്ങിനെ പലവിധ ചിന്തകളായപ്പോൾ സുറിയാനിയുടെ മാസ്റ്റേഴ്സ് എടുക്കാൻ തീരുമാനിച്ചു.

കേരളത്തിൽ വെച്ചു തന്നെ ആദ്യത്തെ പട്ടങ്ങൾ പലതും കെട്ടി. അവസാനം വന്ന് പൂണ്ണശെമ്മാശ പട്ടവും കെട്ടി. വിവാഹം കഴിക്കാതെ പൂണ്ണശെമ്മാശപട്ടം കെട്ടിയാൽ പിന്നെ വിവാഹം കഴിക്കാൻ പറ്റത്തില്ല. അപ്പേഴേക്കും മനസ്സിൽ കൂടെ പല വിധ ചിന്തകളാൽ മെത്രാനാകാമെന്ന് ഒരു തീരുമാനത്തിലെത്തി. മെത്രാനായാൽ ആരുടേയും കീഴിൽ പ്രവത്തിക്കാതെ ജീവിക്കാമെന്നുള്ള ചിന്തയായി. സാധാരണ ഒരാൾ മെത്രാനാകണമെങ്കിൽ ജീവിതത്തിന് പരിശുദ്ധി വേണം, അതു വേണം, ഇതു വേണം അങ്ങിനെ അറിവില്ലായ്മകൾ പലതും മനസ്സിൽ കൂടെ കയറി. ജീവിതത്തിന് തന്നെ പ്രത്യേകമായ രീതികളാക്കി

ഇതിനോടകം പ്രിയപ്പെട്ട അമ്മ ബ്ലഡ് ക്യാൻസർ രോഗിയാണെന്ന് അറിഞ്ഞു. കേരളത്തിൽവെച്ചു തന്നെ അച്ചൻപട്ടവും കെട്ടി. അരമനയിൽ മാത്രമായി ജീവിതം. സസ്യാഹാരം മാത്രമാക്കി. അമേരിക്കയിൽ വന്നപ്പോഴേക്കും അമ്മ മരിച്ചു. അമ്മ മരിച്ച് കേവലം ഒരു മാസം കഴിഞ്ഞപ്പോൾ അപ്പൻ വീണ്ടും വിവാഹം കഴിച്ചു. പെങ്ങൾ ഇതിനോടകം വിവാഹിതയായി ഭത്തൃഗൃഹത്തിലായപ്പോൾ ആ വലിയ വീട്ടിൽ തനിയെ ആയ അപ്പന് ഒരു ഇണ അത്യാവശ്യമായി. പക്ഷേ, അത് കുഞ്ഞുമോൻ അച്ചന്റെ ഭാവിയെ ബാധിക്കുമെന്ന് പ്രതീക്ഷിച്ചില്ല. നീണ്ട ഇരുപത്തി ഏഴ് വഷം അച്ചനായി ജീവിച്ച ശേഷം വളരെ അധികം പ്രത്യാശയോടെ മെത്രാനാകാനായി ശ്രമിച്ചപ്പോൾ പല കണക്കുകൂട്ടലുകൾക്കശേഷം അയോഗ്യനെന്ന് വിധിച്ചു നോയമ്പു കാലത്ത് ജന്മം കൊണ്ടെന്നുള്ള കണക്കുകൂട്ടൽ അയാൾക്ക് ഒരിക്കലും മെത്രാൻ കാൻടിഡേറ്റ് ആകാൻ സാധിക്കത്തില്ലന്നറിയുമ്പോളുണ്ടാകുന്ന മനോവ്യഥ അപ്രാപ്യം.